**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 518** **28-06-2022 - ൽ മറുപടിയ്ക്ക്**

**കുറവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കുറവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ കെട്ടിട നിർമ്മാണത്തിന് ഹൗസിംഗ് ബോർഡ് കിഫ്ബിയിൽ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ അംഗീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | കുറവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ നിർമ്മാണത്തിന് കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് കിഫ്ബിയിൽ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിനു ധനാനുമതി നൽകിയിട്ടില്ല. ആയതിന്റെ വിശദമായ അവലോകനം നടന്നുവരുന്നു. |
| (ബി) | പ്രസ്തുത പദ്ധതി സംബന്ധിച്ച കാലതാമസം ഒഴിവാക്കി പദ്ധതി യാഥാർത്ഥ്യമാക്കാൻ കിഫ്ബി ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | കുറവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് എസ്.പി.വി. ആയ കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് വിശദമായ പദ്ധതി റിപ്പോർട്ട് സമർപ്പിക്കുകയും, അത് പരിശോധിച്ച് കിഫ്ബി സാങ്കേതിക അവലോകന റിപ്പോർട്ട് എസ്.പി.വി-യ്ക്ക് കൈമാറുകയും ചെയ്തിരുന്നു. ഇതിനോടൊപ്പം പ്രസ്തുത ആശുപത്രിയുടെ നിർമ്മാണത്തിനായി ശിപാർശ ചെയ്ത കെട്ടിടത്തിന്റെ സ്ട്രക്ചറൽ ഡിസൈൻ അവലോകനം കിഫ്ബിയിൽ നടത്തുകയും അപാകതകൾ പരിഹരിക്കുന്നതിനായി പ്രാഥമിക ഡിസൈൻ അവലോകന റിപ്പോർട്ട് എസ്.പി.വി - യ്ക്ക് നൽകുകയും ചെയ്തിരുന്നു. കിഫ്ബി നിർദ്ദേശിച്ചിരുന്ന അപാകതകൾക്ക് മറുപടിയായി തിരുത്തിയ സ്ട്രക്ചറൽ ഡിസൈൻ റിപ്പോർട്ട് അനുബന്ധ ഡ്രോയിംഗുകൾ ഉൾപ്പെടെ എസ്.പി.വി. കിഫ്ബിയിൽ സമർപ്പിക്കുകയും, ആയത് പരിശോധനയിന്മേൽ തൃപ്തികരമല്ല എന്നു കാണുകയും ചെയ്തു. ആയതിനാൽ ഡിസൈൻ റിവ്യൂ നിർദ്ദേശങ്ങൾക്കും കിഫ്ബി നിർദ്ദേശിച്ചിട്ടുള്ള "ഗൃഹ" മാനദണ്ഡങ്ങൾക്കും അനുസൃതമായി സ്ട്രക്ചറൽ ഡിസൈനും അനുബന്ധ ഡ്രോയിംഗ്സും, പുതുക്കിയ എസ്റ്റിമേറ്റ് ഉൾപ്പെടെ കിഫ്ബിയിൽ സമർപ്പിക്കാൻ എസ്.പി.വി.- യോട് നിർദ്ദേശിച്ചിരുന്നു. ആയതിന്റെ മറുപടി കിഫ്ബിയിൽ പരിശോധനയിലാണ്. പരിശോധനയിൽ എസ്.പി.വി. സമർപ്പിച്ചിരിക്കുന്ന മറുപടി കിഫ്ബി മാനദണ്ഡപ്രകാരം |

| | | | |
|---|---|---|---|
| | | | തൃപ്തികരമാണെങ്കിൽ അന്തിമ റിപ്പോർട്ട് തയ്യാറാക്കി പ്രസ്തുത പദ്ധതിയ്ക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്. |
| (സി) | പ്രസ്തുത പദ്ധതിയുടെ നിലവിലെ പോരായ്മകൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; ആയത് പരിഹരിക്കേണ്ടത് ആരാണെന്ന് അറിയിക്കാമോ; ഇക്കാര്യം പരിശോധിച്ച് എത്രയും വേഗം പദ്ധതിക്ക് അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | കുറവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് എസ്.പി.വി. ആയ കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് വിശദമായ പദ്ധതി റിപ്പോർട്ട് സമർപ്പിക്കുകയും, അത് പരിശോധിച്ച് കിഫ്ബി സാങ്കേതിക അവലോകന റിപ്പോർട്ട് എസ്.പി.വി-യ്ക്ക് കൈമാറുകയും ചെയ്തിരുന്നു. ഇതിനോടൊപ്പം പ്രസ്തുത ആശുപത്രിയുടെ നിർമ്മാണത്തിനായി ശിപാർശ ചെയ്ത കെട്ടിടത്തിന്റെ സ്ട്രക്ചറൽ ഡിസൈൻ അവലോകനം കിഫ്ബിയിൽ നടത്തുകയും അപാകതകൾ പരിഹരിക്കുന്നതിനായി പ്രാഥമിക ഡിസൈൻ അവലോകന റിപ്പോർട്ട് എസ്.പി.വി - യ്ക്ക് നൽകുകയും ചെയ്തിരുന്നു. കിഫ്ബി നിർദ്ദേശിച്ചിരുന്ന അപാകതകൾക്ക് മറുപടിയായി തിരുത്തിയ സ്ട്രക്ചറൽ ഡിസൈൻ റിപ്പോർട്ട് അനുബന്ധ ഡ്രോയിംഗുകൾ ഉൾപ്പെടെ എസ്.പി.വി. കിഫ്ബിയിൽ സമർപ്പിക്കുകയും, ആയത് പരിശോധനയിന്മേൽ തൃപ്തികരമല്ല എന്നു കാണുകയും ചെയ്തു. ആയതിനാൽ ഡിസൈൻ റിവ്യൂ നിർദ്ദേശങ്ങൾക്കും കിഫ്ബി നിർദ്ദേശിച്ചിട്ടുള്ള "ഗ്രഹ" മാനദണ്ഡങ്ങൾക്കും അനുസൃതമായി സ്ട്രക്ചറൽ ഡിസൈനും അനുബന്ധ ഡ്രോയിംഗ്സും, പുതുക്കിയ എസ്റ്റിമേറ്റ് ഉൾപ്പെടെ കിഫ്ബിയിൽ സമർപ്പിക്കാൻ എസ്.പി.വി.- യോട് നിർദ്ദേശിച്ചിരുന്നു. ആയതിന്റെ മറുപടി കിഫ്ബിയിൽ പരിശോധനയിലാണ്. പരിശോധനയിൽ എസ്.പി.വി. സമർപ്പിച്ചിരിക്കുന്ന മറുപടി കിഫ്ബി മാനദണ്ഡപ്രകാരം തൃപ്തികരമാണെങ്കിൽ അന്തിമ റിപ്പോർട്ട് തയ്യാറാക്കി പ്രസ്തുത പദ്ധതിയ്ക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ